8175
14/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ചൂഷണത്തിന് വിധേയരാകുന്ന കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് - പ്രോട്ടോകോൾ തയ്യാറാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 502/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 08.08.2014.

---

പരാമർശം:- 1. 08.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കത്ത്.
2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ചൂഷണത്തിന് വിധേയരാകുന്ന കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഒരു പ്രോട്ടോകോൾ തയ്യാറാക്കുന്നതിനും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി രണ്ടുദിവസത്തെ സമഗ്രമായ പരിശീലനം നൽകുന്നതിനുമുള്ള പ്രൊപ്പോസൽ കുട്ടിക്കാനം മരിയൻ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചു. ആയതിലേയ്ക്കായി 3,01,610/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതമായ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചൂഷണത്തിന് വിധേയരാകുന്ന കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രോട്ടോകോൾ തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട കേസുകൾ പരിശോധിക്കുന്നവർക്കായി രണ്ടു ദിവസത്തെ സമഗ്രമായ പരിശീലനം നൽകുന്നതിനുള്ള ഭരണാനുമതിയും, ഇതിനായി 3,01,610/- (മൂന്നു ലക്ഷത്തി ആയിരത്തി അറുന്നൂറ്റി പത്ത് രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതമായ 2235-02-102-61 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.